# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 21.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി പരിപാടി ഉദ്ഘാടനം ചെയ്യും.

   **The 46th session of the World Heritage Committee started at Bharat Mandapam, New Delhi.Prime Minister Narendra Modi to inaugurate the programme.**

2. പാർലമെൻറ് വർഷകാല സമ്മേളനം നാളെ ആരംഭിക്കും. കേന്ദ്ര ബജറ്റ് മറ്റെന്നാൾ.

   **The annual session of Parliament will begin tomorrow. Union Budget tomorrow.**

3. പാർലമെൻറിൽ ഏതു വിഷയവും തുറന്ന മനസ്സോടെ ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

   **Union Minister Kiran Rijiju says that the Government is ready to discuss any issue in Parliament with an open mind.**

4. കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കേന്ദ്ര സംഘം എത്തും. രോഗവ്യാപനം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.

**A central team will arrive to coordinate Nipah prevention activities in Kerala. Health Minister Veena George says that urgent measures have been taken to prevent the spread of the disease.**

5. ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ യു.എ.ഇ.-യെ 78 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ.

**Asia Cup Women's Twenty 20 cricket : India defeated UAE by 78 runs.**

&&&&&&&&&&&&&&

## HEADLINE 1

## PM WORLD HERITAGE

ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു. ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത്. ഈ മാസം 31 വരെ നീളുന്ന ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആദ്യമായാണ് ആതിഥേയത്വം വഹിക്കുന്നത്. ലോക പൈതൃകവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതും പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ട സ്ഥലങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് ഈ യോഗത്തിലാണ്. നിലവിലുള്ള 124 ലോക പൈതൃക സ്വത്തുക്കളുടെ സംരക്ഷണ റിപ്പോർട്ടുകൾ, അന്താരാഷ്ട്ര സഹായം, പൈതൃക ഫണ്ടുകളുടെ വിനിയോഗം എന്നിവയും യോഗം ചർച്ച ചെയ്യും. 150 ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000-ത്തോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&

## HEADLINE 2

## PARLIAMENT- MONSOON SESSION

പാർലമെൻറ് വർഷകാല സമ്മേളനം നാളെ ആരംഭിക്കും. മറ്റെന്നാളാണ് കേന്ദ്ര ബജറ്റ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റ്

ആണിത്. സമ്മേളന കാലയളവിൽ, ആറ് പുതിയ ബില്ലുകൾ സർക്കാർ അവതരിപ്പിക്കും. അടുത്ത മാസം 12 വരെ സഭ സമ്മേളിക്കും.

&&&&&&&&&&&&&&&&

**HEADLINE 3**

**ALL PARTY MEETING- INTRO**

ഏത് വിഷയവും പാർലമെന്റിൽ തുറന്ന മനസ്സോടെ ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാണെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു. നാളെ ആരംഭിക്കുന്ന പാർലമെൻ്റിൻ്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ചേർന്ന സർവകക്ഷി യോഗത്തിനു ശേഷം ന്യൂ ഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

**ALL PARTY MEETING - VOICE**

പാർലമെൻ്റ് സുഗമമായി നടത്തേണ്ടത് സർക്കാരിൻ്റെയും പ്രതിപക്ഷത്തിൻ്റെയും ഉത്തരവാദിത്തമാണെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ബജറ്റ് സമ്മേളനത്തിൻ്റെ തടസ്സരഹിതമായ പ്രവർത്തനത്തിന് എല്ലാവരും സഹകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അർജുൻ റാം മേഘ്‌വാൾ, ജെപി നദ്ദ, ചിരാഗ് പാസ്വാൻ, രാംദാസ് അത്താവലെ, കോൺഗ്രസ് നേതാക്കളായ ജയറാം രമേശ്, ഗൗരവ് ഗൊഗോയ്, എൻസിപി നേതാവ് പ്രഫുൽ പട്ടേൽ, ഡിഎംകെ നേതാക്കളായ ടിആർ ബാലു, തിരുച്ചി ശിവ, ആം ആദ്മി പാർട്ടി നേതാവ് സഞ്ജയ് സിംഗ് ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു. ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ദിവസമായ നാളെ, ധനമന്ത്രി നിർമല സീതാരാമൻ സാമ്പത്തിക സർവേ റിപ്പോർട്ട് പാർലമെന്റിൽ അവതരിപ്പിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&

## HEADLINE 4

## NIPAH -KERALA

നിപ വ്യാപനം തടയുന്നതിന് അടിയന്തിര നടപടികളെടുക്കാൻ കേന്ദ്രം കേരള സർക്കാരിന് നിർദ്ദേശം നൽകി. സംസ്ഥാനത്തെ നിപ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും രോഗ പ്രതിരോധത്തിന് സാങ്കേതിക സഹായം നൽകുന്നതിനുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻ്റെ നാഷണൽ വൺ ഹെൽത്ത് മിഷനിൽ നിന്നുള്ള സംയുക്ത സംഘത്തെ നിയോഗിക്കും. നിപ വൈറസ് ബാധ കേരളത്തിൽ മുമ്പ് ഉണ്ടായിട്ടുണ്ടെന്നും ഏറ്റവും ഒടുവിൽ 2023-ൽ കോഴിക്കോട് ജില്ലയിലാണ് രോഗം റിപ്പോർട്ട് ചെയ്തതെന്നും മന്ത്രാലയം വ്യക്തമാക്കി . നിപ ബാധയെ തുടർന്ന് ചികിത്സയിലായിരുന്ന മലപ്പുറം ജില്ലയിലെ 14 വയസ്സുകാരനാണ് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ ഇന്ന് മരണമടഞ്ഞത്.

&&&&&&&&&&&&&&&

## NIPAH CM KERALA

മലപ്പുറത്തെ നിപ മരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കുടുംബത്തിൻറെ ദു:ഖത്തിൽ പങ്കുചേരുന്നുവെന്നും, കുട്ടിയുടെ ജീവൻ രക്ഷിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേരളം യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിച്ചതായി ആരോഗ്യമന്ത്രി വീണ ജോർജ് പറഞ്ഞു. നിപ വൈറസിനെ നിർമാർജനം ചെയ്യുന്നതിനായി ലോകത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ ഗവേഷണ പ്രവർത്തനങ്ങളുമായി കേരളം മുന്നോട്ടു പോവുകയാണെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

## GUJRAT RAINS

ഗുജറാത്തിൽ അതി തീവ്ര മഴ മുന്നറിയിപ്പിനെ തുടർന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ച സൂറത്ത്, നവസാരി, പോർബന്തർ തുടങ്ങി 9 ഇടങ്ങളിൽ ദേശീയ ദുരന്ത പ്രതികരണ സേനയുടെ പത്ത് സംഘങ്ങളെ വിന്യസിച്ചു. സംസ്ഥാനത്ത് വെള്ളപ്പൊക്കം ബാധിച്ച സൗരാഷ്ട്ര മേഖലയിൽ ഇന്ന് മഴയുടെ തീവ്രത കുറഞ്ഞു. അടുത്ത 4 ദിവസത്തേക്ക് സംസ്ഥാനത്ത് പരക്കെ മഴ പെയ്യുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. വടക്കൻ ജില്ലകളായ കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്. ഈ ദിവസങ്ങളിൽ കേരള, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ നിന്നും മൽസ്യബന്ധനത്തിനു പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&

## KARNATAKA MAN MISSING

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയെ കണ്ടെത്താനായി കരസേനയുടെ നേതൃത്വത്തിൽ തിരച്ചിൽ ഊർജ്ജിതം. മോശം കാലാവസ്ഥയും, കനത്ത മഴയും തടസ്സം സൃഷ്ടിക്കുന്നുവെങ്കിലും സങ്കീർണ്ണമായ രക്ഷാ ദൗത്യം ഇപ്പോഴും തുടരുകയാണ്.

&&&&&&&&&&&&&&

## HEADLINE 5

## ASIA CUP - T 20 W

ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ യു.എ.ഇ.-യെ 78 റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റു ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 201 റൺസ് നേടി. 202

റൺ വിജയലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിനിറങ്ങിയ യു എ ഇ ക്ക് 7 വിക്കറ്റ് നഷ്ടത്തിൽ 123 റൺ നേടാനേ കഴിഞ്ഞുള്ളു.

&&&&&&&&&&&&&&

## SWISS OPEN-TENNIS

സ്വിസ് ഓപ്പൺ-ടെന്നീസ് പുരുഷ ഡബിൾസ് ഫൈനലിൽ ഇന്ത്യ-ഫ്രഞ്ച് ജോഡിയായ യുകി ഭാംബ്രി- അൽബാനോ ഒലിവെറ്റി സഖ്യത്തിന് കിരീടം.ഇന്ന് സ്വിറ്റ്സർലൻഡിലെ ജിസ്റ്റാഡിൽ നടന്ന മത്സരത്തിൽ ഫ്രഞ്ച് ജോഡി ഫാബ്രിസ് മാർട്ടിൻ-ഉഗോ ഹമ്പർട്ട് സഖ്യത്തെയാണ് പരാജയപ്പെടുത്തിയത്. അതേസമയം പുരുഷ സിംഗിൾസിൽ ഇറ്റലിയുടെ മാറ്റിയോ ബെറെറ്റിനി വിജയിച്ചു. ഫ്രാൻസിൻ്റെ ക്വെൻ്റിൻ ഹാലിസിനെ നേരിട്ടുള്ള സെറ്റുകൾക്കാണ് ബെറെറ്റിനി പരാജയപ്പെടുത്തിയത് .

&&&&&&&&&&&&&&

## PM MATHS OLYMPIAD

അന്താരാഷ്ട്ര ഗണിത ഒളിമ്പ്യാഡിൽ ഇന്ത്യ നാലാം സ്ഥാനത്തെത്തിയതിൽ അഭിമാനിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മത്സരത്തിൽ എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യൻ സംഘം നാല് സ്വർണവും ഒരു വെള്ളിയും കരസ്ഥമാക്കിയതായി അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ഈ നേട്ടം നിരവധി യുവാക്കൾക്ക് പ്രചോദനമാകുമെന്നും ഗണിതത്തെ കൂടുതൽ ജനപ്രിയമാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## BANGLADESH-SC QUOTA

ബംഗ്ലാദേശിലെ സർക്കാർ ജോലികളിലേക്ക് അനുവദിച്ച വിവാദ സംവരണം വെട്ടിക്കുറച്ച് സുപ്രീം കോടതി. 1971-ലെ ബംഗ്ലാദേശ് വിമോചനയുദ്ധത്തിൽ പോരാടിയവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ ജോലികളിൽ ഏർപ്പെടുത്തിയ

30 ശതമാനം സംവരണം 5 ശതമാനമായി വെട്ടികുറക്കുന്നതായി ഇന്നത്തെ സുപ്രീം കോടതി വിധിയിൽ പറയുന്നു. 2018 ൽ, ഷെയ്ഖ് ഹസീന സർക്കാർ റദ്ദാക്കിയ 30 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള തീരുമാനം തിരികെ കൊണ്ടുവരാൻ ഹൈക്കോടതി കഴിഞ്ഞ മാസം 5 ന് പുറപ്പെടുവിച്ച വിധി വിവേചനപരമാണെന്ന് ആരോപിച്ച് സർവ്വകലാശാലാ വിദ്യാർത്ഥികൾ ദിവസങ്ങളായി പ്രതിഷേധ പരിപാടികൾ നടത്തിവരികയായിരുന്നു. വിഷയത്തിൽ പോലീസും സർവകലാശാലാ വിദ്യാർത്ഥികളും തമ്മിൽ രാജ്യവ്യാപകമായി നടന്ന സംഘർഷത്തിൽ 100 ലേറെ ജീവനുകളാണ് നഷ്ടമായത്.

&&&&&&&&&&&&&&

## REV. INDIAN STUDENTS-BSF

373 ഇന്ത്യൻ വിദ്യാർത്ഥികളും മൂന്ന് നേപ്പാളി വിദ്യാർത്ഥികളും ബംഗ്ലാദേശ് അതിർത്തി കടന്നതായി ബി.എസ്എഫ്. ത്രിപുരയിലെ രണ്ട് ചെക്ക് പോസ്റ്റുകളിലൂടെ ഇന്നലെയാണ് വിദ്യാർത്ഥികൾ അതിർത്തി കടന്നത്. ബംഗ്ലാദേശിലെ സംവരണ വിരുദ്ധ പ്രക്ഷോഭവും ക്രമസമാധാന തകർച്ചയുമാണ് വിദ്യാർത്ഥികൾ മാതൃരാജ്യത്തേക്ക് മടങ്ങാൻ കാരണം. 300 വിദ്യാർത്ഥികളുടെ മറ്റൊരു ബാച്ചും ഇന്ന് രാജ്യത്തേക്ക് മടങ്ങുമെന്നും അദ്ദേഹം അറിയിച്ചു. ധാരാളം ഇന്ത്യൻ വിദ്യാർത്ഥികളാണ് ബംഗ്ലാദേശിൽ മെഡിക്കൽ പഠനം നടത്തുന്നത് .

&&&&&&&&&&&&&&

## ISRAEL-HOUTHI

ഇസ്രായേലിനെ തകർക്കാൻ ശ്രമിക്കുന്നവർ വലിയ വില നൽകേണ്ടി വരുമെന്ന് പ്രഖ്യാപിച്ച് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. അക്രമങ്ങളെ

പ്രതിരോധിക്കാനുള്ള ഇസ്രായേലിന്റെ ദൃഢനിശ്ചയത്തെ പ്രശംസിച്ചു പുറത്തിറക്കിയ വീഡിയോ സന്ദേശത്തിലാണ് നെതന്യാഹുവിന്റെ പ്രഖ്യാപനം. .യെമനിലെ ഹൂതികൾക്കെതിരെ ഇന്നലെ ഇസ്രായേൽ നടത്തിയ ആക്രമണത്തിൻ്റെ പശ്ചാത്തലത്തിലായിരുന്നു സന്ദേശം. വെള്ളിയാഴ്ച ടെൽ അവീവിൽ ഹൂതി ഗ്രൂപ്പ് നടത്തിയ ഡ്രോൺ ആക്രമണത്തിൽ ഒരു ഇസ്രായേലി പൗരൻ കൊല്ലപ്പെടുകയും 10 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&

## INDIA EMBASSY LAOS

ലാവോസിലെ സൈബർ തട്ടിപ്പ് കേന്ദ്രങ്ങളിൽ നിന്ന് പതിമൂന്ന് ഇന്ത്യക്കാരെ ഇന്ത്യൻ എംബസി രക്ഷപ്പെടുത്തി തിരികെ അയച്ചു. ഇതുവരെ 518 ഇന്ത്യക്കാരെ തട്ടിപ്പുകളിൽ നിന്ന് രക്ഷപ്പെടുത്തിയതായി എംബസി അറിയിച്ചു. ലാവോസിലേക്ക് വരുന്ന ഇന്ത്യക്കാർ സൈബർ തട്ടിപ്പുകൾ, നിയമവിരുദ്ധമായ തൊഴിൽ വാഗ്ദാനങ്ങൾ എന്നിവയിൽ വഞ്ചിതരാകരുതെന്ന് ഇന്ത്യൻ എംബസി മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&

## V MURALEEDHARAN- MANN KI BAAT

മൻ കീ ബാത്ത് ക്വിസ് - മൂന്നാം സീസൺ താലൂക്ക് തല മത്സരങ്ങൾ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ പരിപാടി ഉദ്ഘാടനം ചെയ്തു. നാടിൻറെ വികസനത്തിൽ ജനങ്ങളുടെ പങ്കാളിത്തം സാധ്യമാക്കുന്ന പ്രവർത്തനമായി പ്രധാനമന്ത്രിയുടെ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കീ ബാത്ത് മാറിയെന്ന് അദ്ദേഹം പറഞ്ഞു. നെഹ്റു യുവകേന്ദ്രയും ഗ്ലോബൽ ഗിവേഴ്സ് ഫൌണ്ടേഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&

## VEENA GEORGE

മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് കേരളം പ്രത്യേക മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. രോഗ പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖയാണ് പുറത്തിറക്കിയത്. തുടർപഠനത്തിനും ഗവേഷണത്തിനും ഐസിഎംആർ സഹകരണത്തോടെ ഒരു സമിതിയെ നിയോഗിക്കും. സർക്കാർ, സ്വകാര്യ ആശുപത്രികൾ ഈ മാർഗരേഖ കൃത്യമായി പാലിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

&&&&&&&&&&&&&&

## PENSION BALAGOPAL

കേരളത്തിൽ സാമൂഹ്യസുരക്ഷ, ക്ഷേമ നിധി പെൻഷൻറെ ഒരു ഗഡു വിതരണം ബുധനാഴ്ച തുടങ്ങുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 1,600 രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുക. ഇതിനായി 900 കോടി അനുവദിച്ചു.

&&&&&&&&&&&&&&

## KEDARNATH INCIDENT

ഉത്തരാഖണ്ഡിൽ മണ്ണിടിച്ചിലിൽ മൂന്ന് തീർത്ഥാടകർ മരിക്കുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. രുദ്രപ്രയാഗ് ജില്ലയിലെ ചിദ്വാസയ്ക്ക് സമീപം കേദാർനാഥ് യാത്രാ പാതയിൽ ഇന്ന് രാവിലെയാണ് അപകടം നടന്നത്. മരിച്ചവരിൽ രണ്ട് പേർ മഹാരാഷ്ട്ര സ്വദേശികളും ഒരാൾ പ്രദേശവാസിയുമാണ്.

&&&&&&&&&&&&&&
&&&&&&&&&&&
&&&&